പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1905 08.06.2018-ലെ മറുപടിക്ക്

# നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ് ഡിവിഷനിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. അൻവർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ് ഡിവിഷനിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കാൻ ഇനിയും എത്ര തുക ആവശ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ തുക കോർപ്പറേഷന് വഹിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്; | (എ) | സിവിൽ, മരാമത്ത് പണികൾക്ക് വേണ്ടി 5.8 കോടി രൂപയ്ക്ക് ടെൻഡർ വിളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. കെട്ടിടം പൂർണ്ണമായി പൂർത്തീകരിക്കണമെങ്കിൽ വൈദ്യുതീകരണം, അഗ്നിസുരക്ഷാ സംവിധാനം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, യാർഡ് വർക്ക് എന്നിവ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ഏകദേശം 2½ കോടി രൂപ വേണ്ടി വരും. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ചെലവുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് വഹിക്കുവാൻ കഴിയുകയില്ല. ആയത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പാതി വഴിയിൽ നിലച്ച നിർമ്മാണ പ്രവൃത്തി സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ കഴിയുമോ;ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | കഠിനമായതും അപ്രായോഗികമായ വ്യവസ്ഥകൾ കാരണം സംരംഭകർ നിർമ്മാണം പൂർത്തീകരിക്കാനുദ്ദേശിച്ച ടെണ്ടറുകളിൽ പങ്കെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും കഠിനവും അപ്രയോഗികവുമാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും, നിലവിലുള്ള ടെൻഡർ / ലേലം വ്യവസ്ഥകൾ ഭേദഗതി ചെയ്ത് കൂടുതൽ ലൈസൻസികളെ കണ്ടെത്തുന്ന നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ഡി) | കെട്ടിടം ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് കൂടി സഹായകരമാകുന്ന തരത്തിൽ കരാർ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സാധിക്കുമോ; ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ആരാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത വിഷയം പരിഗണനയിലില്ല.<br>കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡാണ് ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ